പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5491** **04-07-2013- ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ**

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പുതുക്കാട് മണ്ഡലത്തിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച് 10 വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്ത തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. |
| (ബി) ഘട്ടം 1, ഘട്ടം 2 എന്നീ രണ്ട് ഭാഗങ്ങളായി വിഭജിച്ച ഈ പദ്ധതിയുടെ 2 ഭാഗങ്ങളും പൂർത്തീകരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ? | & (ബി) തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് 500 ലക്ഷം രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. അപ്പന്റിക്സ് 1 അപ്പന്റിക്സ് 2 എന്നീ രണ്ടു ഭാഗങ്ങളിലായി ഷെഡ്യൂൾ ഓഫ് റേറ്റ് 1999 പ്രകാരം 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത്.<br><br>ജീപ്പ് റോഡിന്റെ പണി ഗ്രാമപഞ്ചായത്ത് പൂർത്തീകരിച്ചു. മെയിൻ പമ്പ് ഹൗസിന്റെ പ്രവൃത്തി, സെക്കന്റ് ലിഫ്റ്റ് പമ്പ് ഹൗസിന്റെ പ്രവൃത്തി, പാർശ്വഭിത്തി സംരക്ഷണം. സിസ്റ്റേൺ സെക്കന്റ് ലിഫ്റ്റ് നിർമ്മാണം, സിസ്റ്റേൺ തേർഡ് ലിഫ്റ്റ് നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. കനാൽ നിർമ്മാണ പ്രവൃത്തി (ഫ്ലൂം) 425 മീറ്റർ പൂർത്തീകരിക്കുകയും ചെയ്തു. കരാറുകാരൻ പ്രവൃത്തി ചെയ്യുവാൻ സാധ്യമല്ല എന്നറിയിച്ചതിനെതുടർന്ന് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെർമിനേറ്റ് ചെയ്തു. കനാൽ നിർമ്മാണം (ഫ്ലൂം) പ്രവൃത്തിയുടെ, ബാക്കി നിർമ്മാണ പ്രവർത്തികളുടെ റിവൈസ്ഡ് ഷെഡ്യൂൾ ഓഫ് റേറ്റ് 2010 പ്രകാരമുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. എന്നാൽ ചില പ്രവൃത്തികൾ സാങ്കേതിക കാരണങ്ങളാൽ ടെണ്ടർ ചെയ്യാൻ സാധിച്ചില്ല. ഷെഡ്യൂൾ ഓഫ് റേറ്റ് പല പ്രാവശ്യം പുതുക്കിയതിനാൽ പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതി ആവശ്യമായിവന്നു. അതിനാൽ അപ്പന്റിക്സ് 1 -ൽ ഉൾപ്പെടുന്ന |

പാലാമ്പ്രകുന്ന് ഭാഗത്തേയ്ക്കും പീച്ചി ഭാഗത്തേയ്ക്കും പി.വി.സി പൈപ്പും എം.എസ് പൈപ്പും സ്ഥാപിക്കുന്ന പ്രവൃത്തി, സിസ്റ്റേൺ 1 - ന്റെ നിർമ്മാണം, കനാൽ ലൈനിംഗ് , മെയിൻ പമ്പ്ഹൗസിന് സെപ്റ്റിക് ടാങ്ക് നിർമ്മാണം തുടങ്ങിയ പ്രവർത്തികളുടെയും അപ്പന്റിക്സ് 2 -ൽ ഉൾപ്പെട്ട മോട്ടോർ, പമ്പ്സെറ്റ് എന്നിവ സ്ഥാപിക്കൽ കെ.വി.ലൈൻ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടേയും ഷെഡ്യൂൾ ഓഫ് റേറ്റ് 2012 പ്രകാരമുള്ള വിശദമായ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ.**